നബി -صلى الله عليه وسلم- യോട് ഒരാൾ ചോദിച്ചു: "ഇസ്ലാമിലെ ഏതു കാര്യമാണ്
ഏറ്റവും ഉത്തമം?!" നബി -صلى الله عليه وسلم- പറഞ്ഞു: "ഭക്ഷണം നൽകുക; നീ
അറിയുന്നവരോടും അല്ലാത്തവരോടും സലാം പറയുകയും
ചെയ്യുക
അബ്ദുല്ലാഹി ബ്നു അംറ് -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: നബി -صلى الله عليه وسلم- യോട് ഒരാൾ ചോദിച്ചു:
"ഇസ്ലാമിലെ ഏതു കാര്യമാണ് ഏറ്റവും ഉത്തമം?!" നബി -صلى الله عليه وسلم- പറഞ്ഞു: "ഭക്ഷണം നൽകുക; നീ
അറിയുന്നവരോടും അല്ലാത്തവരോടും സലാം പറയുകയും ചെയ്യുക."
[صحيح] [متفق عليه]
നബി -صلى الله عليه وسلم- യോട് ഒരിക്കൽ ചോദിക്കപ്പെട്ടു: "ഇസ്ലാമിൻ്റെ ഏതു കാര്യമാണ് ഏറ്റവും
ശ്രേഷ്ഠമായിട്ടുള്ളത്?" നബി -صلى الله عليه وسلم- ഉത്തരമായി രണ്ട് കാര്യങ്ങൾ പറഞ്ഞു: ഒന്ന്: ദരിദ്രർക്ക്
ഭക്ഷണം കൊടുക്കുന്നത് അധികരിപ്പിക്കൽ. ദാനം നൽകുന്നതും, സമ്മാനം നൽകുന്നതും,
അതിഥേയത്വം ഒരുക്കുന്നതും, വിവാഹവേളയിൽ ഭക്ഷണം നൽകുന്നതുമെല്ലാം അതിൽ ഉൾപ്പെടും.
വിശപ്പും ദാരിദ്ര്യവും വ്യാപിക്കുകയും, വിലക്കയറ്റം അധികരിക്കുകയും ചെയ്യുന്ന
സന്ദർഭങ്ങളിൽ ഇത് കൂടുതൽ ശ്രേഷ്ഠതയുള്ളതാകും. രണ്ട്: എല്ലാ മുസ്ലിമിനും -അവനെ നിനക്ക്
പരിചയമുണ്ടെങ്കിലും ഇല്ലെങ്കിലും- സലാം പറയൽ.
https://sunnah.global/hadeeth/ml/show/5808